**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1779** **09-12-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക ഉല്പന്നങ്ങൾക്ക് സാങ്കേതികവിദ്യയിലൂന്നിയുള്ള വിപണന സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയ്ക്ക് സാങ്കേതികവിദ്യയിലൂന്നിയുള്ള സമുദ്ധാരണത്തിന് നടപടി സ്വീകരിക്കാമോ; | (എ) | സ്വീകരിച്ചിട്ടുണ്ട് |
| (ബി) | മറ്റ് സംസ്ഥാനങ്ങളിലെ ഇത്തരം പ്രവർത്തനങ്ങളുമായി സഹകരിച്ച് സംസ്ഥാനത്തും പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ പരിഗണനയിൽ ഇല്ല |
| (സി) | കാർഷിക ഉല്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നതിന് സാങ്കേതികവിദ്യയിലൂന്നിയുള്ള വിപണന സാധ്യതകൾ പ്രയോജനപ്പെടുത്തുമോ? | (സി) | 2022-23 സാമ്പത്തിക വർഷം താഴെ പറഞ്ഞിരിക്കുന്ന പുതിയ പദ്ധതികൾക്ക് ഇതിനായി തുടക്കം കുറിച്ചിട്ടുണ്ട്.<br><br>1. കൃഷിയിടാസൂത്രണത്തിൽ അധിഷ്ഠിതമായ ഉത്പാദന പദ്ധതി.<br><br>2. ഉത്പാദന സംഘടനകളുടെ വികസനവും സാങ്കതികവിദ്യയുടെ പിന്തുണയും<br><br>3. വിതരണ മൂല്യ ശൃംഖലയുടെ വികസനം.<br><br>കൃഷിയിടാധിഷ്ഠിത ആസൂത്രണം നടപ്പിൽ വരുത്തുന്ന കൃഷിയിടങ്ങളിൽ തുടങ്ങി ഉപഭോക്താക്കൾ വരെ എത്തുന്ന വിതരണ ശൃഖല രൂപപ്പെടുത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ വിതരണ ശൃഖലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമ മാക്കുന്നതിന് ഡിജിറ്റൽ സാങ്കതികവിദ്യ പദ്ധതിയിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. കേരളാ -അഗ്രിനെറ്റ് എന്ന പേരിൽ ഒരു സമഗ്ര വിപണന പ്ലാറ്റ്ഫോം നിർമ്മിക്കുന്നത് പരിഗണനയിലാണ്. പദ്ധതിയിൽ അംഗങ്ങളായ കർഷകർ, കൃഷിക്കൂട്ടങ്ങൾ, കർഷക ഉത്പാദക സംഘടനകൾ , വിപണന |

| | | | | |
|---|---|---|---|---|
| | | | | ഏജൻസികൾ, കാർഷിക കർമ്മസേന, അഗ്രേ സർവ്വീസ് സെന്ററുകൾ എന്നിവയെല്ലാം ഈ വിപണന പ്ലാറ്റ്ഫോമുമായി ബന്ധപ്പെടുത്തുന്നതാണ്.<br>കേരളാ ഫാം- ഫ്രഷ് എന്നപേരിൽ ഉപഭോക്താക്കൾക്കുള്ള ഒരു മൊബൈൽ ആപ്പ് പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കുന്നതാണ്. ഇതിലൂടെ ഉപഭോക്താക്കൾക്ക് ആവശ്യമായ കാർഷിക ഉത്പന്നങ്ങൾ ഓൺലൈൻ ആയി ഓർഡർ ചെയ്ത് വാങ്ങുവാൻ കഴിയും. അഗ്രി സ്റ്റാർട്ടപ്പുകൾ ഓൺലൈൻ വിപണന സംവിധാനത്തിലൂടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. കൃഷി വകുപ്പിന്റേയും കാർഷിക സർവ്വകാലാശാലയുടേയും നേതൃത്വത്തിൽ അഗ്ര സ്റ്റാർട്ടപ്പുകൾക്ക് സഹായങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ പല ജില്ലകളിലും കൃഷിഭവനുകളുടേയും ബ്ലോക്കുകളുടേയും നേതൃത്വത്തിൽ ഓൺലൈൻ വിപണന സംവിധാനങ്ങൾ പരിമിതമായ തോതിൽ ആരംഭിച്ചിട്ടുണ്ട്. VAAM പദ്ധതിയിലൂടെ ഇ-കൊമേഴ്സ്യൽ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു..<br><br>വിപണന സംവിധാനം-ഡിജിറ്റൈസ് ചെയ്യുന്നതിനായി 100 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. നടത്തിപ്പ് സംബന്ധിച്ച പ്രാരംഭ ചർച്ചകൾ ഫീൽഡ്തല ഉദ്യോഗസ്ഥരുമായി നടത്തിയിട്ടുണ്ട്. കേരളാ ഡിജിറ്റൽ സർവ്വകലാശാലയുടെ സാങ്കതിക സഹകരണത്തോടെ ഇതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ഹോർട്ടികോർപ്പിന്റെ വിപണന സംവിധാനം പൂർണ്ണമായും സാങ്കേതിക വിദ്യാധിഷ്ഠിതം ആക്കുവാനുള്ള നടപടികളും പുരോഗമിക്കുന്നു. കാർഷിക ഉല്പന്നങ്ങൾ മൂല്യ വർദ്ധനവിന് വിധേയമാക്കി ഓൺലൈൻ വിപണിയിലൂടെ വില്പന നടത്തുവാനുള്ള നടപടികളും കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ